"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - ലീഗൽ അഡ്വൈസറുടെ കാലാവധി ദീർഘിപ്പിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1009/2024/LSGD തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:-

1. 04.04.2020 തീയതിയിലെ സ.ഉ (സാധാ) നം. 735/2020/തസ്വഭവ ഉത്തരവ്
2. 28.12.2020 തീയതിയിലെ സ.ഉ (സാധാ) നം. 2439/2020/തസ്വഭവ ഉത്തരവ്
3. 12.07.2021 തീയതിയിലെ സ.ഉ (സാധാ) നം. 1317/2021/തസ്വഭവ ഉത്തരവ്
4. വിശാല കൊച്ചി വികസന അതോറിറ്റിയുടെ 12.11.2022 തീയതിയിലെ 166/2022-23 നമ്പർ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം
5. 01.03.2023, 18.05.2023, 08.04.2024 എന്നീ തീയതികളിലെ വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 3741/ജി.3/2017/ജിസിഡിഎ നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

വിശാല കൊച്ചി വികസന അതോറിറ്റിയുടെ ലീഗൽ അഡ്വൈസറായി 19.05.2017 മുതൽ കരാർ അടിസ്ഥാനത്തിൽ സേവനമാരംഭിച്ച അഡ്വ. പി.വി. ഉദയൻ എന്നയാളുടെ കരാർ കാലാവധി ആദ്യത്തെ 2 വർഷത്തിനു ശേഷം അതോറിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം 12.05.2019 മുതൽ 11.05.2022 വരെയുള്ള തുടർ വർഷങ്ങളിൽ ദീർഘിപ്പിച്ചുനൽകുകയും ആയതിന് സൂചന (1), (2), (3) എന്നിവ പ്രകാരം സർക്കാർ സാധൂകരണം നൽകുകയും ചെയ്തിരുന്നു.

2. ശ്രീ. പി. വി ഉദയന്റെ സേവന പരിചയവും, GCDA യിലെ കേസുകളുടെ വർദ്ധനവും, ടിയാന് നൽകിവരുന്ന കുറഞ്ഞ കരാർ വേതനവും സൂചന (4) തീരുമാനവും പരിഗണിച്ച് ടിയാന്റെ കരാർ കാലാവധി 12.05.2022 മുതൽ 11.05.2023 വരെ ദീർഘിപ്പിച്ചു നല്കിയ നടപടി സാധൂകരിക്കണമെന്നും 12.05.2023 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് അനുമതി നല്കണമെന്നും ജിസിഡിഎ സെക്രട്ടറി സൂചന (5) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിശാല കൊച്ചി വികസന അതോറിറ്റിയിൽ ലീഗൽ അഡ്വൈസറായ ശ്രീ. പി. വി ഉദയന്റെ കരാർ കാലാവധി 12.05.2022 മുതൽ ഒരു വർഷത്തേക്കും, തുടർന്ന് 12.05.2023 മുതൽ ഒരു വർഷത്തേക്കും ദീർഘിപ്പിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJESH K R

അണ്ടർ സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 10-06-2024 14:59:16

സെക്ഷൻ ഓഫീസർ